# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 2253 — 23-01-2014-ൽ മറുപടിക്ക്

### മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) | കെ.എസ്.ഇ.ബി. യിൽ മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കുമോ ; | (എ) 1468. |
| (ബി) | പ്രസ്തുത തസ്തികയിലേക്കുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാത്ത ജില്ലകൾ ഏതൊക്കെയാണെന്ന് കണക്കാക്കി-യിട്ടുണ്ടോ ; എങ്കിൽ അതിന് ഉത്തര-വാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ; | (ബി) പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ 15.12.2004 ലെ ID നമ്പർ 27/2002 ഉത്തരവ് പ്രകാരം 15.12.2004 ൽ നിലവിലുള്ളതിന്റെയും 15.12.2004 മുതൽ 14.12.2009 വരെ കെ.എസ്.ഇ.ബി. യിൽ ഉണ്ടായിട്ടുള്ള ഇലക്ട്രിസിറ്റി വർക്കർമാരുടെ ഒഴിവുകളുടെ 25 ശതമാനം പെറ്റി കോൺട്രാക്ടേഴ്സിനു വേണ്ടി മാറ്റി വയ്ക്കണം എന്ന ഉത്തരവ് നിലവിലുണ്ട്. കഴിഞ്ഞ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തണമെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകളുടെ വെളിച്ചത്തിൽ പി.എസ്.സി. യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിലേയ്ക്കാണ് ഇപ്പോൾ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്. കോടതി ഉത്തരവുകളുടെ വെളിച്ചത്തിൽ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ സാദ്ധ്യമാകുന്ന ഒഴിവുകളുടെ എണ്ണം കണക്കാക്കി വരുന്നു. പി.എസ്.സി, സെക്രട്ടറി ലഭ്യമാക്കിയ വിവരങ്ങൾ അനുബന്ധമായി നൽകുന്നു. |

| | | | |
|---|---|---|---|
| (സി) | മസ്ദൂർ തസ്തികയിലേക്ക് എത്രയും പെട്ടെന്ന് നിയമന നടപടി പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;വിശദാംശം അറിയിക്കുമോ; ഇപ്പോഴുള്ള നിയമന നടപടിയുടെ പുരോഗതി അറിയിക്കുമോ ; | (സി) | നിയമന ശുപാർശ നൽകപ്പെട്ടവർക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | ബോർഡ് പുതുതായി രൂപീകരിച്ചിട്ടുള്ള വൈദ്യുതി സെക്ഷനുകളിലെ മസ്ദൂർ തസ്തികയുടെ നിയമനകാര്യം പി.എസ്.സി.യെ അറിയിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | (ഡി) | പുതുതായി രൂപീകരിക്കപ്പെട്ട സെക്ഷനുകളിൽ മസ്ദൂർ നിയമനം നടത്തുന്നതിനുള്ള. നടപടി നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 2253 -മസ്ദൂർ തസ്തികയിലെ ഒഴിവുകൾ

23-01-2014 ലെ മറുപടിക്ക്

മസ്ദൂർ ലിസ്റ്റിൽ നിന്നും പി.എസ്.സി നിയമന ശുപാർശ സംബന്ധിച്ച ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | 24-10-2013 | 29 |
| കൊല്ലം | 15-10-2013 | 12 |
| പത്തനംതിട്ട | ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. | |
| ആലപ്പുഴ | ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. | |
| കോട്ടയം | 15-11-2013 | 41 |
| ഇടുക്കി | ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. | |
| എറണാകുളം | 11-12-2013 | 137 |
| തൃശൂർ | 13-11-2013 | 162 |
| പാലക്കാട് | 31-10-2013 | 86 |
| മലപ്പുറം | 18-11-2013 | 66 |
| കോഴിക്കോട് | 11-11-2013 | 18 |
| കണ്ണൂർ | 30-10-2013 | 62 |
| വയനാട് | ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. | |
| കാസർഗോഡ് | 01-01-14 | 3 |

സെക്ഷൻ ഓഫീസർ